Specimen Copy

# PATHRACHARITAM.

(Prescribed as Malayalam Poetry Text for Form II in 1933-34)

BY

R. Mahadeva Sharma.

*Price Chs. 6*

KERALA HOUSE

CHALA-TRIVANDRUM.

class book
No. 1122.

# പാത്രചരിതം

ST. MARY'S E. H. S. FOR GIRLS PALAI TRA.
KERALA HOUSE
PALAI
TRIVANDRUM
SELLERS

അമ്പലപ്പുഴ മഹാദേവശർമ്മാ

ST. MARY'S E. H. S. FOR GIRLS

കേരളമന്ദിരം
പാല—തിരുവനന്തപുരം.

വിദ്യാഭിവൎദ്ധിനി അച്ചുക്കൂടം, കൊല്ലം.

രണ്ടാം പതിപ്പ്—൧൧൦൮.

# കഥാസംഗ്രഹം.

ചന്ദ്രവംശരാജാക്കന്മാരിൽ ധൃതരാഷ്ട്രപുത്രന്മാരായ ദുൎയ്യോധനാദികളും പാണ്ഡുപുത്രന്മാരായ യുധിഷ്ഠിരാദികളും തമ്മിൽ വൈരം വളൎന്ന്, പാണ്ഡവന്മാരെ വല്ല വിധത്തിലും നശിപ്പിച്ച് അവൎക്ക രാജ്യാവകാശമില്ലാതാക്കുന്നതിനായി ദുൎയ്യോധനൻ, ധൎമ്മപുത്രനെ ചൂതുകളിക്കുവാൻ വിളിച്ചു. സുയോധനമാതുലനായ ശകുനി കളിയിൽ പ്രയോഗിച്ച ചതിയാൽ, യുധിഷ്ഠിരൻ പരാജിതനാകയും, ഭീമാൎജ്ജുനനകുലസഹദേവന്മാരായ അനുജന്മാരോടും പത്നിയായ പാഞ്ചാലിയോടും കൂടി അദ്ദേഹം പന്ത്രണ്ടുവൎഷം വനവാസം അനുഭവിക്കേണ്ടിവരികയും ചെയ്തു. പാണ്ഡവർ നാടുവിട്ടുപോകുമ്പോൾ, പൌരന്മാർ ദുൎയ്യോധനനെ ഗൎഹിച്ചുകൊണ്ട്, അവരുടെ പിന്നാലെ പുറപ്പെട്ടുകയും, വഴിക്കുവെച്ച് സമാധാനം പറഞ്ഞു യുധിഷ്ഠിരൻ അവരെ തിരികെ അയയ്ക്കുകയും ചെയ്തു. ഏതാനം ബ്രാഹ്മണർ പാണ്ഡവരെ വിട്ടുപിരിഞ്ഞില്ല. അദ്യദിവസം സന്ധ്യയായപ്പോൾ അവരെല്ലാം ഗംഗാതീരത്തിലെത്തി ജലപാനത്താൽ അത്താഴംകഴിച്ചുകൊണ്ട് പ്രമാണം എന്ന വടവൃക്ഷത്തിന്റെ ചുവട്ടിൽ കിടന്നുറങ്ങി. പിറേറന്നാൾ പുലർകാലത്തിൽ പാണ്ഡവർ വനയാത്ര ആരംഭിച്ചപ്പോൾ ബ്രാഹ്മണർ മുമ്പെ നടന്നു. തങ്ങൾ ഹൃതസ്വസ്വരാണെന്നും അവരെ പോററുന്നതു് ദുഷ്കരമായതിനാൽ പ്രതിനിവൎത്തിക്കണമെന്നും, അവരും അരണ്യവാസക്ലേശം അനുഭവിക്കരുതെന്നും ബ്രാഹ്മണരോട് യുധിഷ്ഠിരൻ ആവൎത്തിച്ചാവൎത്തിച്ചു പ്രാൎത്ഥിച്ചപ്പോൾ,

ഞങ്ങളെപ്പോറ്റുവാനായി
ക്ലേശിക്കേണ്ട, നരാധിപ;
വന്യാഹാരം സ്വയം തേടാം;
തുണയ്ക്കായ് ഞങ്ങളും വരാം.

ജപധ്യാനങ്ങൾകൊണ്ടേറെ-
യ്ക്കരുളാം പ്രിയവും പരം.
രമിച്ചീടാം നിങ്ങളൊത്തു
കഥചൊല്ലി രസപ്രദം.

എന്നു് അവർ തീർച്ചയായി മറുപടി പറഞ്ഞു. തന്നെക്കുറിച്ചുള്ള ഭക്തിയാൽ ബ്രാഹ്മണർ ഈവിധം ക്ലേശം അനുഭവിക്കുന്നതിൽ ധർമ്മപുത്രനു നന്നെ സങ്കടമുണ്ടായി. ഈ അവസരത്തിൽ ശൌനകൻ എന്ന ബ്രാഹ്മണൻ, അദ്ദേഹത്തിനു പല ധർമ്മോപദേശങ്ങളും നൽകുകയും തപസ്സുചെയ്താൽ മനോരഥപ്രാപ്തിയുണ്ടാകുമെന്നറിയിക്കയും ചെയ്തു. അനന്തരം യുധിഷ്ഠിരൻ സ്വകുലാചാര്യനായ ധൌമ്യനെക്കണ്ടു സങ്കടമുണർത്തിച്ചു. ആ മഹർഷി, കുറേനേരം ധ്യാനനിമഗ്നനായിരുന്നിട്ടു് ലോകരക്ഷകനായ ആദിത്യദേവനെ സേവിച്ചാൽ ആഗ്രഹസിദ്ധിയുണ്ടാകുമെന്നു കല്പിച്ചു് വേണ്ട മന്ത്രോപദേശവും കൊടുത്തു. യുധിഷ്ഠിരൻ കഠിനമായി തപസ്സുചെയ്കയും, സൂര്യദേവൻ പ്രത്യക്ഷനായി ഒരു താമ്രപാത്രം അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു് അനുഗ്രഹിക്കയും ചെയ്തു.

വരലബ്ധിയാൽ പരിതുഷ്ടനായ യുധിഷ്ഠിരൻ കൃതജ്ഞതാപൂർവം ധൌമ്യനെ പ്രണമിച്ചിട്ടു് സഹോദരന്മാരോടും പാഞ്ചാലിയോടുമൊന്നിച്ചു്, അക്ഷയപാത്രത്തിലു

ണ്ടാകുന്ന വിഭവങ്ങളാൽ ബ്രാഹ്മണക്ക് ഭോജനം നല്കി, കാമ്യകവനത്തിലേയ്ക്കു പോയി.

മുനിമാർ പറയുന്ന ഉപാഖ്യാനങ്ങളും കഥകളും ശ്രവിച്ചുകൊണ്ട് പാണ്ഡവർ സസുഖം കാമ്യകവനത്തിൽ നിവസിച്ചു. അവർ വനത്തിൽ, പട്ടണത്തിലേപ്പോലെ സുഖമായി പാർക്കുന്ന വാർത്തയറിഞ്ഞു് ദുര്യോധനൻ, നികൃതിപ്രജ്ഞന്മാരായ കർണ്ണദുശ്ശാസനാദികളുമായി പാണ്ഡവദ്രോഹചിന്തയിൽ ഏർപ്പെട്ടിരിക്കവെ, ദുർവ്വാസസ്സെന്ന മഹർഷിശ്രേഷ്ഠൻ, പതിനായിരം ശിഷ്യരുമൊന്നിച്ച് ഹസ്തിനാപുരത്തിലെ രാജധാനിയിൽ ചെന്നുചേർന്നു. ദുർവ്വാസസ്സിന്റെ കോപത്തെ ഭയപ്പെട്ടും സഹിച്ചും രാപകൽ ദുര്യോധനൻ അദ്ദേഹത്തെ പരിചരിച്ചു. മഹർഷി അവിടത്തെ താമസത്തിനിടയ്ക്കു പ്രകടിപ്പിച്ച കോപശാഠ്യങ്ങളാൽ ദുര്യോധനന്ന് യാതൊരു ഭാവഭേദവും ഉണ്ടായിക്കാണാത്തതിനാൽ, അദ്ദേഹം തുഷ്ടനായി എന്തുവരം വേണമെന്ന് ആതിഥേയിയോടു ചോദിച്ചു. മുനി സന്തുഷ്ടനായാൽ യാചിക്കേണ്ട വരം, കൂട്ടുകാർ ദുര്യോധനനു മുൻകൂട്ടി പറഞ്ഞുകൊടുത്തിരുന്നു. അതനുസരിച്ച്, വനവാസം ചെയ്യുന്ന ജ്യേഷ്ഠനായ യുധിഷ്ഠിരന്റെ ആതിഥ്യംകൂടി അവിടെച്ചെന്നു സ്വീകരിക്കണമെന്നും, ബ്രാഹ്മണരേയും ഭർത്താക്കന്മാരേയും ഭുജിപ്പിച്ച് ശ്രാന്തയായ താനും അഷ്ടികഴിച്ചശേഷം പാഞ്ചാലി, വിശ്രമിക്കുമ്പോൾ അവിടെച്ചെല്ലണമെന്നും ദുര്യോധനൻ അപേക്ഷിച്ചു. 'അങ്ങനെതന്നെ' എന്നു പറഞ്ഞു് ദുർവ്വാസസ്സ് അവിടെനിന്നു മടങ്ങി. ദുര്യോധനൻ, കൃതാർത്ഥനായി കർണ്ണന്റെ കൈ കോർത്തുപിടിച്ചു

സന്തോഷിച്ചു. കൎണ്ണൻ, ദുൎയ്യോധനന്റെ അഭിലാഷപൂൎത്തി യാദൃച്ഛികമായി കൈവന്നതിനെപ്പററി വാഴ്ത്തുകയും ദുൎവ്വാസസ്സിന്റെ കോപവഹ്നിയിൽ പാണ്ഡവന്മാർ പതിച്ചുപോയി എന്നുപറഞ്ഞു് രസിക്കുകയും ചെയ്തു.

ഒരിക്കൽ ദുൎവ്വാസസ്സ്, ശിഷ്യന്മാരോടുകൂടി വനത്തിലെത്തി, ജ്ഞാനദൃഷ്ടികൊണ്ടു് പാഞ്ചാലിയുടെ ഭക്ഷണം കഴിഞ്ഞു എന്നു കണ്ടു്, പാണ്ഡവസകാശത്തിൽ ചെന്നുചേൎന്നു. ധൎമ്മപുത്രൻ ഭക്തിപൂൎവ്വം സ്വീകരിച്ചിരുത്തി പൂജിച്ചിട്ടു് വേഗത്തിൽ മദ്ധ്യാഹ്നികം കഴിച്ചുവരുവാൻ മുനിയോടപേക്ഷിച്ചു. അദ്ദേഹവും ശിഷ്യരും സ്നാനത്തിനുപോയി. കുളികഴിഞ്ഞുവരുമ്പോൾ മഹർഷിശിഷ്യന്മാൎക്കു് ആഹാരം നൽകുവാൻ വഴികാണാതെ പാഞ്ചാലിയ്ക്കു് ആധിതുടങ്ങി. അവൾ ശ്രീകൃഷ്ണനെ സ്തുതിച്ചു നമസ്കരിച്ചു. ഭക്തവത്സലനായ ഭഗവാൻ ഉടനേ അവിടെ ആവിർഭവിക്കയും ദ്രൌപദി വസ്തുത ഉണൎത്തിക്കയും ചെയ്തു. അദ്ദേഹമാകട്ടെ തനിക്കു വിശപ്പു കലശലാണെന്നും ഭക്ഷിക്കുന്നതിനു വല്ലതും കൊടുക്കണമെന്നും പറഞ്ഞു. പാഞ്ചാലി ലജ്ജിതയായി യാതൊന്നുമില്ലെന്നറിയിച്ചിട്ടും അവിടുന്നു് പാത്രംകൊണ്ടു ചെന്നുകാണിക്കുവാൻ നിൎബന്ധിയ്ക്കയും അതിൽ പററിയിരുന്ന ചീരയില ഭഗവാൻ എടുത്തു ഭക്ഷിയ്ക്കയും ചെയ്തു. ശ്രീകൃഷ്ണനിദേശത്താൽ ഭീമസേനൻ മുനിശിഷ്യന്മാരേ കൂട്ടിക്കൊണ്ടു വരുവാൻ പോയി. നദിയിൽമുങ്ങിക്കയറിനപ്പോൾ ദുൎവ്വാസസ്സും ശിഷ്യരും ആകണ്ഠതൃപ്തരാകയും, ആഹാരാദികൾ ഒരുക്കുന്നതിനു യുധിഷ്ഠിരനേ വൃഥാ ബുദ്ധിമുട്ടിച്ചതിൽ മഹർഷിക്കു ഭയം ജനിക്കയും

അദ്ദേഹവും ശിഷ്യരും അവിടം വിട്ട് ഓടിപ്പോകയും ചെയ്തു. ഭീമസേനൻ ദുർവ്വാസസ്സിനേയും മററും അന്വേഷിച്ചതിൽ അവർ ഓടിപ്പോയി, എന്ന വിവരം നദീതീരവാസികളായ തപസ്വികളിൽ നിന്നറിഞ്ഞു് വർത്തമാനം ജ്യേഷ്ഠനെ അറിയിച്ചപ്പോൾ, കോപമൂർത്തിയായ ദുർവ്വാസസ്സ് ഇനി രാത്രിയിലോ മററോ ചെന്നു് ഭക്ഷണം ആവശ്യപ്പെട്ടേയ്ക്കുമോ എന്നു് പാണ്ഡവർക്ക് ഭയം തുടങ്ങി. ആ സമയം ശ്രീകൃഷ്ണൻ പ്രത്യക്ഷനായി, പാഞ്ചാലിയുടെ പ്രാർത്ഥനയാൽ താൻ അവിടെ എത്തിയതും ശാകം ഭക്ഷിച്ചതും മഹർഷിയും ശിഷ്യരും അതിനാൽ തൃപ്തരായതും അവർ പാണ്ഡവരുടെ മാഹാത്മ്യംപേടിച്ചു് പറയാതെ പലായനംചെയ്തുകളഞ്ഞതും, പ്രസ്താവിച്ചു് സമാധാനപ്പെടുത്തിയശേഷം, അന്തർദ്ധാനംചെയ്തു.

1122

ST. MARY'S H. S. FOR GIRLS

# പാത്രചരിതം

## ഒന്നാം അദ്ധ്യായം.

ശ്രീശൻ നാരായണസ്വാമി
നരനാം നരനുത്തമൻ
വാണിയേയും വ്യാസരേയും
നമിച്ചു ജയമോതണം,

ജനമേജയൻ പറഞ്ഞു:

സാമാത്യർ ധാർത്തരാഷ്ട്രന്മാർ
ദുഷ്ടന്മാർ ചതികൊണ്ടുതാൻ
ചൂതിൽ തോല്പിക്കയാൽ പാരം
ക്രോധമാർന്നുള്ള പാണ്ഡവർ
കടുവൈരം വളർത്തുന്ന
പരുഷോക്തികൾ കേൾക്കവെ,
എൻപിതാമഹരെവ്വണ്ണം
വർത്തിച്ചു വിപ്രസത്തമ?
ഐശ്വര്യം പോകയാൽ പാരം
കഷ്ടപ്പാടിൽ പതിച്ചവർ
വനത്തിലെവ്വിധം പാർത്തു
ദേവേന്ദ്രസമവിക്രമർ?
മാഹാത്മാക്കളവർക്കെന്തു
വിപിനത്തിൽ ഭുജിക്കുവാൻ?
വാസമെങ്ങനെയൊരാചാര,-
മാരെല്ലാം കൂട്ടിനൊത്തുപോയ്?
പന്ത്രണ്ടാണ്ടു വനംതന്നിൽ

മഹാന്മാരാമവൎക്കഹോ!
കഴിഞ്ഞതെങ്ങനേ, വീര-
രന്നിവൎത്തികളായവർ?
രാജപുത്രി, മഹാഭാഗാ
പാതിവ്രത്യസ്വരൂപിണി
എല്ലാസ്ത്രീകളിലും ശ്രേഷ്ഠ-
യെന്നും പ്രിയമുഴപ്പവൾ,
അദുഃഖാൎത്ത, കൊടുംകാട്ടിൽ
കഠിനം വാസമെങ്ങനെ
നിൎവ്വഹിച്ചിതു,വെല്ലാം നീ
ചൊല്ലുകെന്നോടു മാമുനേ.
പാരം വിക്രമമാൎന്നുള്ള
തേജോനിധികൾ തങ്ങടെ
ചരിതം നിന്നിൽനിന്നിങ്ങു
കേൾക്കുവാനാശ പാരമാം.

വൈശമ്പായനൻ പറഞ്ഞു:

കൌരവ്യർ, മന്ത്രിമാരൊത്തു
ചൂതിൽ തോല്പിച്ച പാണ്ഡവർ
ഹസ്തിനാപുരിവിട്ടന്നു
സാമൎഷം നിൎഗ്ഗമിച്ചിതു.
വൎദ്ധമാനപുരദ്വാരം
കട,ന്നായുധപാണികൾ
പാൎത്ഥന്മാർ കൃഷ്ണയോടൊത്തു
വടക്കോട്ടായ് നടന്നതേ.
പതിന്നാലു മുഖ്യഭൃത്യ-
രിന്ദ്രസേനൻ തുടങ്ങിയോർ
സ്ത്രീകളോടും വേഗമേറും

രഥത്തിൽ പിന്തുടൎന്നുപോയ്.
നരശാൎദ്ദൂലങ്ങൾ പാൎത്ഥർ
തേരിലേറിഗ്ഗമിക്കവെ
ഗംഗാതീരത്തിലായുണ്ടു
പ്രമാണാഖ്യം മഹാവടം.
അവർ പോയതറിഞ്ഞപ്പോൾ
ദുഃഖമാൎന്ന പ്രജാവലി
ഭീഷ്മദ്രോണവിദുരരെ
ക്ഷത്താവേയും, ശകാരമായ്
ഗൎജ്ജിച്ചു പലതും ചൊല്ലി-
ശ്ശപഥം ചെയ്തു തങ്ങളിൽ.

പൌരന്മാർ പറഞ്ഞു:

ഇതു നമ്മൾക്കു കുല, മ-
ല്ലില്ല നാം, വീട്ടുമില്ലെടോ;
സൌബലേയന്റെ കൂട്ടാൎന്ന
പാപി ദുൎയ്യോധനന്റെതാൻ.
കൎണ്ണദുശ്ശാസ്സനരുമാ-
യവൻ വാഴുന്നു നാടിതു.
കുലാചാരങ്ങൾ പോണ്ടു, ത-
ല്ലത്ഥധൎമ്മങ്ങളും തഥാ.
സുഖമെങ്ങനെയുണ്ടാമി-
പ്പാപി പാരുഭരിക്കവെ?
ദുൎയ്യോധനൻ, ഗുരുദ്വേഷി
ധൎമ്മഹീനൻ പ്രിയാനൃതൻ
അത്യാഗ്രഹിയഹംകാരി
നീചൻ പ്രകൃതിനിൎദ്ദയൻ.
ഇബ്ഭൂമി ഭൂമിയ,ല്ലതു

ന്നൃപൻ ദുര്യോധനൻ യദാ;
നമ്മൾക്കു നന്മ പാർത്ഥന്മാർ
പോകുന്നേടത്തു പോകതാൻ.
സാനുക്രോശർ മഹാന്മാ,രാ-
വിജിതേന്ദ്രിയവൈരികൾ
ശ്രീമാന്മാർ കീർത്തിമാന്മാരാ,-
ണവർ ധർമ്മം നടത്തുവോർ.

വൈശമ്പായനൻ:

പൌരരിങ്ങനെ ചൊല്ലിക്കൊ-
ണ്ടെത്തിനാർ പാണ്ഡവാന്തികേ;
പൃഥാമാദ്രീസുതന്മാരെ-
ത്തൊഴുതിരുത്തരമോതിനാർ.
"ഭദ്രം വരട്ടെ നിങ്ങൾക്കു,-
കേഴുന്നോരെ ത്യജിച്ചുടൻ
എങ്ങുപോകു,ന്നതങ്ങോട്ടു
പുറകേയുണ്ടു ഞങ്ങളും.
ക്രൂരന്മാരായ ശത്രുക്ക-
ളധർമ്മത്താൽ ജയിച്ചതും
കേട്ടു ഖിന്നതയുണ്ടല്ലോ-
രിവരെ വെടിയായ്കഹോ!
മൈത്രിയും നന്ദിയും പാരം
ഗാഢം നിങ്ങളിലുള്ളവർ
ദുഷ്ടരാജാവു വാഴുന്ന
ദിക്കിൽ പെട്ടു നശിക്കൊലാ.
ശുഭാശുഭാധിവാസത്തിൽ
ഗുണദോഷങ്ങൾ ചേരവേ
എപ്രകാരം ഭവിച്ചീട്ടു-

മെന്നു ഞങ്ങളുരച്ചിടാം.
പുഷ്പം, വസ്ത്രജലങ്ങൾക്കു-
മെല്ലാ ഭൂമിയിവററിനും
മണം നൽകുന്നപോൽ, കൂട്ടാൽ
സൽഗ്ഗുണം വന്നു ചേൎന്നിടും.
അജ്ഞാനത്തെ മുളപ്പിക്കും
നിലം മൂഢസമാഗമം;
എന്നെന്നും ധൎമ്മമുണ്ടാക്കും
നിലം സജ്ജനസംഗമം.
അതിനാൽ പ്രാജ്ഞരാം വൃദ്ധർ
സുശീലന്മാർ തപസ്വികൾ
ശമചിത്തരുമായുള്ള
നല്ലോരൊത്തു വസിക്കണം.
ജന്മകൎമ്മങ്ങൾ വൈദുഷ്യ-
മിമ്മൂന്നും ചേൎന്നിടുന്നവർ
സേവ്യരാകുന്നു വലുതാം
ശാസ്ത്രജാലങ്ങളിൽപരം.
ഒന്നും ചെയ്യായ്കിലും, ഞങ്ങൾ
പൂജ്യരാം സജ്ജനങ്ങളാൽ
പുണ്യമല്ലാതെ നേടീടാ;
പാപിയാൽ പാപമാൎന്നിടും.
ദുഷ്ടരേക്കാൺക തൊടുക
സല്ലപിക്ക രസിക്കുക
ഇവകൊണ്ടു നരന്മാൎക്കു
ധൎമ്മാചാരങ്ങൾ നഷ്ടമാം.
ബുദ്ധി നീചതമാൎന്നിടും
നീചരോടുള്ള ചേൎച്ചയാൽ;

മദ്ധ്യന്മാൽ മദ്ധ്യമായീടും;
ശ്രേഷ്ഠമാം ശ്രേഷ്ഠർമൂലമായ്.
ധൎമ്മാൎത്ഥങ്ങളെയേകുന്ന
ശ്രുത്യുക്തഗുണമൊക്കെയും
സത്സമ്മതങ്ങളിപ്പാരിൽ
കീൎത്തിതങ്ങളുമായവ.
ഗുണങ്ങളെല്ലാം നിങ്ങൾക്ക,-
ല്ലൊന്നിച്ചും വേർതിരിച്ചുമേ.
ശ്രേയസ്സിനായ് നിങ്ങളൊത്തു
വസിപ്പാനുള്ള വാഞ്ഛയും.

യുധിഷ്ഠിരൻ പറഞ്ഞു:

വിപ്രാദിപൌരർ സദയം
സസ്നേഹം ഗുണമോതവെ
തദഭാവത്തിലും ധന്യ-
രെന്നു ഞങ്ങൾ നിനയ്ക്കയാം.
സാനുജൻ ഞാൻ നിങ്ങളോടു
ചൊല്ലുന്നേനൊന്നു, കേൾക്കുവിൻ;
നിരസിക്കൊല്ലനുഷ്ഠിപ്പിൻ
കൃപാസ്നേഹങ്ങളോടുടൻ.
എൻപിതാമഹനാം ഭീഷ്മർ,
മന്നൻ, വിദുര,രമ്മയും
ഇഷ്ടന്മാർ പലരും പാൎക്ക-
നുണ്ടല്ലോ ഹസ്തിനാപുരേ.
ഞങ്ങൾക്കുവേണ്ടിയവരെ-
ക്കാത്തുകൊള്ളുകവേണമേ.
നിങ്ങളെപ്പോലെയെല്ലാരും

സ്നേഹസന്താപവിഹ്വലർ.
നിങ്ങളെബ്ഭമേല്പിച്ചോ-
രെൻ ചാപ്പല്യാൽ നോക്കവാൻ
തിരിച്ചുപോകുവിൻ, മെലിൽ
ഞാൻവരും, വഴി ദൂരെയായ്.
ഇക്കാര്യമെന്റെ ചിത്തത്തിൽ
മുന്നിട്ടു നിവകൊാംവതാം;
സൽക്കാരമിതുതാൻ വേണ്ടു
നിങ്ങളാൽ, തുഷ്ടിയാം മമ.

വൈശമ്പായനൻ:

ഈ വണ്ണം ധർമ്മപുത്രന്റെ-
വാക്യം കേട്ട ജനങ്ങൾതാൻ
ആർത്തസ്വരത്തൊടുച്ചത്തിൽ
ഹാഹാകാരം തുടങ്ങിനാർ.
പാർത്ഥന്റെ ഗുണമോർത്തോർത്തു
ദുഃഖാർത്തർ പരമാതുരർ
നിരാശരായ് നിവർത്തിച്ചു
പാർത്ഥരെപ്പാർത്തുകൊണ്ടുമേ.
ജനങ്ങളങ്ങു പോയപ്പോൾ
തേരിലേറിയ പാണ്ഡവർ
ഗംഗാതീരേ പ്രമാണാഖ്യ-
വടമോർത്തു ഗമിച്ചുതേ.
പേരാൽച്ചുവട്ടിലന്നങ്ങു
പകൽകൊണ്ടെത്തിയോരവർ
നിർമ്മലാംബുസ്പർശമാർന്നു
നിശയെത്താൻ നയിച്ചിതു.
ജലംമാത്രം കുടിച്ചുംകൊ-

ങ്ങഴൽപൂണ്ടവർ വാടിനാർ;
അവിടെ സ്നേഹമാണ്ടെത്തി
പിന്നാലെ, ചില വിപ്രരും;
സാഗ്നികാ നഗ്നികൾ, പിന്നെ-
ശ്ശിഷ്യബന്ധുക്കളൊത്തവർ.
ശോഭിച്ചു രാജാവവിടെ
ബ്രഹ്മവാദികൾ ചൂഴവേ.
രമ്യദാരുണകാലത്തി-
ലവരഗ്നി വളൎത്തവെ
ബ്രഹ്മഘോഷങ്ങളുണ്ടായി;
സഞ്ജല്പങ്ങളുമങ്ങനെ.
മധുരാലാപഹംസന്മാർ
യുധിഷ്ഠിരനരേന്ദ്രനെ
ഭൂദേവ,രാശ്വസിപ്പിച്ചു
നയിച്ചു നിശ രമ്യമായ്.

---

## രണ്ടാം അദ്ധ്യായം.

വൈശമ്പായനൻ:

അരചരക്ലിഷ്ടകൎമ്മാക്കൾ
പുലൎച്ചയ്ക്കു വനാന്തരേ
യാത്രചെയ്യാൻ മുതിൎന്നിപ്പോൾ
ഭൂദേവന്മാരുമെത്തിനാർ.
കുന്തിതനയനാം രാജാ-
വവരോടോതിനിങ്ങനെ: —
"ഞങ്ങൾ സൎവസ്വവുംപോയോർ
രാജ്യൈശ്വൎയ്യങ്ങളേവയും;

ഫലമൂലാമിഷം തിന്നു
കേണു കാട്ടിൽ കഴിപ്പവർ.
പാമ്പും പുലിയുമുള്ളോരി-
ക്കാട്ടിൽ കഷ്ടതയേററമാം;
ഇവിടെ ക്ലേശമുണ്ടാകും
നിങ്ങൾക്കെന്നതു നിശ്ചയം.
ബ്രാഹ്മണർക്കഴൽ വന്നീടിൽ
ദേവകൾക്കുസുഖം വരാ;
പിന്നെയെൻകാൎയ്യമെന്താവൂ?
തിരികെപ്പോയ് സുഖിക്കുവിൻ."

ബ്രാഹ്മണർ പറഞ്ഞു:

രാജൻ, നിങ്ങൾക്കു വന്നീടും
ഗതി ഞങ്ങളുടേതുമാം;
ഞങ്ങളോ ധൎമ്മമറിവോർ
ഭക്തരേസ്സന്ത്യജിക്കൊലാ.
ഭക്തൎക്കു വേണ്ടോരിഷ്ടങ്ങൾ
ദേവന്മാരും കൊടുത്തിടും;
സദാചാരപരന്മാരാം
ധരാദേവൎക്കു മുഖ്യമായ്.

യുധിഷ്ഠിരൻ:

ദ്വിജരിൽ ഭക്തിയുണ്ടേററ-
മെനിക്കും വിപ്രവൎയ്യരേ;
പോററുവാൻ ബലമില്ലാഞ്ഞു
വരുന്നു സങ്കടം പരം.
ഫലമൂലങ്ങൾ മാംസങ്ങ-
ളിവതേടും സഹോദരർ

കഷ്ടപ്പാടുകളാലേററം
മോഹിച്ചീടുന്നു സമ്പ്രതി.
ദ്രൗപദീഹരണം, രാജ്യ-
നാശമിത്യാദിയാലിവർ
ദുഃഖാത്തരാകയാൽ വീണ്ടും
ബുദ്ധിമുട്ടിക്കാ ദുസ്സഹം.

ബ്രാഹ്മണർ:

ഞങ്ങളെപ്പോററുവാനായി
ക്ലേശിക്കണ്ട, നരാധിപ;
വന്യാഹാരം സ്വയം തേടാം;
തുണയ്ക്കായ് ഞങ്ങളും വരാം.
ജപധ്യാനാദികൊണ്ടങ്ങേ-
യ്ക്കുതകാം പ്രിയവും പരം.
രമിച്ചീടാം നിങ്ങളൊത്തു
കഥചൊല്ലി രസപ്രദം.

യുധിഷ്ഠിരൻ:

ശരിയാണിതു, നിസ്തർക്കം
ദ്വിജസംബാധം സുഖാവഹം;
ആത്മനിന്ദയുദിക്കുന്നു
ദാരിദ്ര്യത്താലെനിക്കഹോ!
തനിയേ തേടിയുണ്ണുന്ന
നിങ്ങളെക്കാൺകെ സങ്കടം;
എന്നെ സ്നേഹിക്കയാലിപ്പോൾ
പാപമില്ലാത്ത ഭക്തരം
അഴൽതേടുന്നിതേററം ഹാ!
ദുഷ്ടകൗരവ്യർമൂലമായ്.

വൈശമ്പായനൻ:

എന്നോതിയത്തൽപൂണ്ടൂഴി-
തന്നിൽ മന്ന,നിരിക്കവേ
ശൌനകദ്വിജ,നദ്ധ്യാത്മ-
ജ്ഞാനി സാംഖ്യവിശാരദൻ
യോഗശാസ്ത്രത്തെയറിവോൻ
നൃപനോടിത്ഥമോതിനാൻ,
"ദുഃഖസ്ഥാനസഹസ്രങ്ങൾ
തോഷസ്ഥാനശതങ്ങളും
ദിനംതോറും മൂഢബുദ്ധി-
യ്ക്കുണ്ടാം; വിദ്വാനുവന്നിടാ.
അങ്ങേപ്പോൽ മതിമത്തുക്കൾ,
ശ്രേയോഘാതികളായ് പരം
ബഹുദോഷങ്ങൾ കർമ്മങ്ങ,-
ളൊന്നിലും ചെന്നുചാടിടാ.
ശ്രുതിസ്മൃതികളാൽ കണ്ട
സർവ്വാപത്തും ഹരിപ്പതായ്
അഷ്ടാംശമുണ്ടു ബുദ്ധിക്കെ,-
ന്നോർത്തു,ന്നുണ്ടു നിനക്കതു.
ശുശ്രൂഷ, കേൾവിയും പിന്നെ
ഗ്രഹണം ധാരണം തഥാ
ഊഹാപോഹാർത്ഥവിജ്ഞാനം
തത്വജ്ഞാനങ്ങ,ളാണവ.
കഷ്ടതാമർത്ഥദുഃഖങ്ങൾ,
സ്വജനക്ഷേമനാശവും,
ശാരീരമാനസക്ലേശ,-
മിവ മൂഢൻ സ്മരിച്ചിടാ.

അത്യന്തമില്ല തൃഷ്ണയ്ക്കു
നമ്മൾക്കതേകമേ സ്ഥിതം;
അതു നമ്മേത്തുലയ്ക്കുന്നു
തീയിരുമ്പിനെയെന്നപോൽ.
വൃക്ഷത്തിൽ ജാതമാം വഹ്നി
വൃക്ഷത്തെച്ചുട്ടിടും പടി
ആത്മാവെയറിയാത്തുള്ളോൻ
തൻലോഭത്താൽ നശിച്ചിടും.
തീ, വെള്ളം, മന്നവൻ, കള്ളർ
തന്റെ ചാർച്ചയിലുള്ളവർ,
യാചകന്മാർ, കാല,മേവം
ധനികൾക്കു സദാ ഭയം.
നരന്നു മൃതിയിൽപ്പോലെ
പണക്കാർക്കെപ്പൊഴും ഭയം;
വാനിൽ പറവയും, പാരിൽ
ശ്വാപദങ്ങൾ, ജലത്തിലായ്
മീനും, മാംസം ഭുജിക്കുന്നു;
പണക്കാരനെയേവരും.
അർത്ഥത്താൽ ചിലമർത്ത്യർക്ക്-
ങ്ങനർത്ഥം വന്നുചേർന്നിടും;
അർത്ഥം രക്ഷിച്ചിടാത്തുള്ളോൻ
ശ്രേയസ്സാർന്നു പുലർന്നിടാ.
അതിനാൽ വിത്തമുണ്ടാകിൽ
വിഭ്രമത്തെ വളർത്തിടും;
ലോഭഗർവ്വങ്ങൾ, പൊങ്ങച്ചം
ഭയ, മുദ്വേഗമെന്നിവ
പണത്താൽ വന്ന ക്ലേശങ്ങ-

ളെന്നു പണ്ഡിതർ ചൊല്ലുമേ.
പണമുണ്ടാക്ക, രക്ഷിക്ക,
ചെലവാക്കുക, പോവുക
ഇവയെല്ലാം ദുഃഖമത്രെ
പണത്താൽ കൊലയും വരും.
വേണ്ടെന്നുവെയ്ക്കയും ദുഃഖം;
രക്ഷിക്കിൽ ശത്രുവാകുമേ;
അത്തലാമിതു നേടുമ്പോൾ;
നഷ്ടത്തിൽ ക്ലേശമേല്ലൊലാ.
അസന്തുഷ്ടർ മഹാമൂഢ,-
രത്യാമോദികൾ പണ്ഡിതർ;
ആശയ്ക്കൊരതിരില്ലല്ലോ,
സന്തോഷം തന്നെയാം സുഖം.
വിദ്വാന്മാരതിനാലെങ്ങും
സന്തോഷം പാർത്തുകണ്ടിടും;
അതുകൊണ്ടു മഹാത്മാക്ക-
ളർത്ഥത്യാഗം പുകഴ്ത്തുവോർ.
ധർമ്മാർത്ഥമായ് ധനം നേടാം;
ത്യാഗംതാനതിലും വരം;
ചളിയിൽ കാലുവെയ്ക്കാഞ്ഞാൽ
കഴുകുന്നതിൽ മെച്ചമാം.
യുധിഷ്ഠിര, ധനത്തിങ്ക-
ലാശയുണ്ടാകൊലാ തവ;
ധർമ്മത്തിലാണാശയെങ്കി-
ലർത്ഥാശ കളയേണമേ.

യുധിഷ്ഠിരൻ:

അർത്ഥോപഭോഗാശകൊണ്ടി-
ട്ടല്ല ഞാൻ ധനകാമിയായ്;
ലോഭംകൊണ്ടല്ല, വിപ്രർക്കു
രക്ഷ നൽകുന്നതിന്നുതാൻ.
നടന്നുഴന്ന പാന്ഥന്മാർ,
മുമ്പു കാണാത്തവർക്കുമേ
മോദമാർന്നൂട്ടി നൽകുന്നോ,-
നേററം പുണ്യം ലഭിച്ചിടും.
എന്നെപ്പോലെ ഗൃഹസ്ഥന്മാ-
രാകുവോ,രേതു മാർഗ്ഗമായ്
സഹചാരികളെപ്പോററി-
മരുവിടേണ്ടു മാമുനേ?

ശൌനകൻ:

ഹാ കഷ്ടം! ലോകമോർത്തെന്നാൽ
വൈപരീത്യത്തിലാണെടോ;
നല്ലോർക്കു നാണമുണ്ടാക്കും
കൃത്യം, ദുഷ്ടർക്കു സുപ്രിയം.
യോഗസിദ്ധി തപസ്സിദ്ധി
യിവകൊണ്ടിട്ടു ഭാരത,
മഹീദേവരെ രക്ഷിക്കാ
സാധിക്കും നിന്മനോരഥം.

# മൂന്നാം അദ്ധ്യായം.

വൈശമ്പായനൻ:

ഏവം ശൌനകനാൽ പ്രോക്തം
വാക്യം കേട്ടു യുധിഷ്ഠിരൻ
സുഭാഷിയും വന്ദ്യനുമാ-
മവനെക്കൈവണങ്ങിനാൻ.
അനുജന്മാരൊടും പിന്നെ-
ച്ചെന്നാൻ ധൌമ്യന്റെയന്തികേ.

യുധിഷ്ഠിരൻ:

വേദവിത്തുക്കളാം വിപ്രർ
വരുന്നു ഞങ്ങളൊത്തിവർ.
ദുഃഖാർത്തനാമെനിക്കിപ്പോ-
ളിവരെപ്പോറ്റുവാൻ പണി;
ഉപേക്ഷിക്കാൻ മനസ്സില്ല;
രക്ഷിപ്പാനില്ല ശക്തിയും:
കർത്തവ്യമിതിലെന്തെന്നു
ഗുരോ, ചൊല്ലിത്തരേണമേ.

വൈശമ്പായനൻ:

ധൌമ്യാചാര്യൻ ധ്യാനമാർന്നു
ധർമ്മം ചിന്തിച്ചു വേണ്ടപോൽ
യുധിഷ്ഠിരനെ നോക്കിക്കൊ-
ണ്ടോതീ ധർമ്മജ്ഞസത്തമൻ.
"പൂർവം, സൃഷ്ടിച്ച ജന്തുക്ക-
ളേററം ക്ഷുത്താർന്നു മാഴ്കവേ
അനുകമ്പയൊടും സ്രഷ്ടാ,-

നച്ഛ്രനെന്നുള്ള വണ്ണമേ
ഉത്തരായണമാൎന്നു
രസം നേടിക്കരങ്ങളാൽ
ദക്ഷിണായനകാലത്തു
വെള്ളം വൎഷിച്ചു ഭൂമിയിൽ.
ഓഷധീശ്വരനാം ചന്ദ്രൻ
സൂൎയ്യതേജസ്സേറ്റുടൻ
ക്ഷേത്രഭൂമിയിൽ വെള്ളത്താൽ
സൃഷ്ടിച്ചരുളിയോഷധി.
അൎക്കൻ ചന്ദ്രികതട്ടിച്ചു
മുളപ്പിക്കുന്നു, ഭൂമിയിൽ
ഷഡ്രസൌഷധി; ജന്തുക്കൾ-
ക്കതു ശുദ്ധാന്നമായിടും.
അന്നമേവം ധാന്യമയം
പ്രാണിനാം പ്രാണധാരണം:
സൎവ്വഭൂതങ്ങൾക്കനാഥ,-
നൎക്കനേസ്സേവ ചെയ്യണം.
മന്നവന്മാർ മഹാത്മാക്കൾ
ജന്മകൎമ്മവിശുദ്ധരായ്
പ്രജാക്ഷേമം പുലൎത്തുന്നു
പരം തീവ്രതപസ്സിനാൽ.
കാൎത്തവീൎയ്യൻ നഹുഷനും
വൈന്യൻ ഭൌമനുമാവിധം
ഉദ്ധരിച്ചാർ വിപത്തിങ്കൽ
തപസ്സാൽ പൌരരേ സ്വയം.
അതുപോൽ ശുദ്ധകൎമ്മങ്ങൾ
കൊണ്ടു ധാൎമ്മികനാം ഭവാൻ

ധർമ്മ്യമായ തപംചെയ്തു
പോററണം ബ്രാഹ്മണന്മാർകളെ."

വൈശമ്പായനൻ:

തൽക്കാലോചിതമായ് ധൌമ്യ-
നീവണ്ണംചൊല്ലി, യപ്പൊഴേ
അഷ്ടാക്ഷരം പരംമന്ത്ര-
മാത്മക്ക് സതതംപ്രിയം,
സർവ്വാർത്ഥസാധകം മന്ത്ര-
മുപദേശിച്ചു വേണ്ടപോൽ.
സൂർയ്യനാമങ്ങൾ നൂറെറട്ടും
മുനിതാനോതി പിന്നെയും
മഹാത്മാവായ ദേവേന്ദ്രൻ
പണ്ടുചൊല്ലിയ സൂക്തികൾ.
അവ നാരദദേവർഷി-
മൂലം ധൌമ്യൻ ഗ്രഹിച്ചതും.
ബ്രാഹ്മണക്കായ് സമാധിസ്ഥൻ
സംയതാത്മാ ദൃഢവ്രതൻ
വിശുദ്ധഹൃദയൻ രാജാ,-
വുത്തമം തപമേററിതു.
കുളിച്ചു, പൂക്കൾ മാലിക-
ളിവയാൽ ഭാനുദേവനെ
യുധിഷ്ഠിരൻ പൂജചെയ്തു
പൂർവ്വാഭിമുഖനായ് സ്ഥിതൻ.
യോഗം കൈക്കൊണ്ടു ധർമ്മാത്മാ
വായുഭക്ഷൻ ജിതേന്ദ്രിയൻ
ഗംഗാതീർത്ഥമാചമിച്ചു
പ്രാണായാമം തുടങ്ങിനാൻ.

ശ്ശുചിയായ് പൂതവാക്കായി
സ്തുതിചെയ്താനനന്തരം.
ഭാനോ, ഭവാൻ ജഗച്ചക്ഷു,-
സ്സാത്മാവാണഖിലക്കുമേ;
സർവ്വഭൂതപിതാ, കർമ്മി-
ക്കാധാരങ്ങളുമാം ഭവാൻ.
യോഗികൾക്കാശ്രയം നീതാൻ
സാംഖ്യക്കു ഗതിയും ഭവാൻ;
മോക്ഷാർത്ഥിയ്ക്കു തുറന്നിട്ട
മുക്തിമാർഗ്ഗം ഭവാനിഹ.
ലോകസന്ധാരണം നിന്നാൽ,
ലോകം നിന്നാൽ പ്രകാശിതം;
നീ ശുദ്ധിയരുളീടുന്നു,
പാലനം നീ നടത്തുവോൻ.
സ്വശാഖോചിതമാം മന്ത്രം
ജപിച്ചു, മുനിവന്ദിത,
വേദവിത്തുക്കളാം വിപ്രർ
കാലേ നിന്നെബ് ഭജിച്ചിടും.
ദിവ്യമാം നിന്റെ തേരിന്നു
പിന്നിലെത്തും, വരാർത്ഥികൾ
സിദ്ധചാരണഗന്ധർവ്വ-
യക്ഷഗുഹ്യകർ പന്നഗർ
മുപ്പത്തിമൂന്നു ദേവന്മാർ
വൈമാനികഗണങ്ങളും,
മഹേന്ദ്രോപേന്ദ്രരും നിന്റെ
സേവയാൽ സിദ്ധിയാന്നവർ.
ദിവ്യമന്ദാരപുഷ്പങ്ങൾ

കൊണ്ടു നിന്നൎച്ചനത്തിനാൽ
വിദ്യാധരവരന്മാരും
പ്രാപിക്കുന്നു മനോരഥം.
ദിവ്യന്മാരാമേഴ്ഗന്ധൎവ്വർ,
പിതൃസംഘം മനുഷ്യരും
നിന്നെപ്പൂജിക്കകൊണ്ടത്രേ
പ്രാധാന്യം പൂണ്ടു വാഴ്വതും
വസുരുദ്രമരുത്തുക്കൾ
സാദ്ധ്യന്മാരും മരീചിപർ
ബാലഖില്യാദി സിദ്ധന്മാർ
ജന്തുമുഖ്യത തേടിനോർ.
ബ്രഹ്മലോകം തൊ,ട്ടൊരേഴ്-
ലോകത്തും സൎവ്വദിക്കിലും
അൎക്കദേവന്നുപരിയാ-
യൊന്നുമില്ലെന്നതോൎപ്പു ഞാൻ.
വീൎയ്യം വലിപ്പമിവയൊ-
ത്തന്യസത്വങ്ങളുണ്ടുപോൽ;
അങ്ങേപ്പ്രഭാവം തേജസ്സു-
മവയ്ക്കൊന്നിനു മില്ലഹോ!
എല്ലാജ്യോതിസ്സുമേ നിങ്ക-
ലല്ലോ; നീ ജ്യോതിഷാം പതി.
സൎവ്വസത്വങ്ങൾ സത്വങ്ങൾ
നിന്നിൽ സാത്വികഭാവവും;
നിൻതേജസ്സാൽ വിശ്വകൎമ്മാ
നിൎമ്മിച്ചാൻപോൽ സുദൎശനം;
നാരായണ,നതാൽ തീൎത്താൻ
ദേവശത്രുക്കൾ തന്മദം.

വേനല്ക്കു രശ്മിയാൽ ജീവ-
ജാലൌഷധിരസങ്ങളിൽ
തേജസ്സുള്ളതു നീ വാങ്ങി
മഴയായ് പിന്നെയേകിടും.
തപിപ്പിക്കും ദഹിപ്പിക്കും
ശുഷ്കിക്കും മേഘരൂപമായ്
വർഷിക്കും മിന്നലുണ്ടാക്കും
ഹർഷത്തിൽ തവ രശ്മികൾ.
തണുത്തകാററിൽ ക്ലേശിപ്പോ,-
ർക്കേകിരണമെന്നപോൽ
കരിമ്പടം കമ്പിളിയും
തീയും സൌഖ്യത്തെ നൽകിടാ.
ദീപം പതിമ്മൂന്നു ചേർന്ന
മഹി ഭാസ്സാൽ തെളിപ്പവൻ,
ത്രിലോകഹിതമേകാനായ്
നീയേകൻ മുതിരുന്നവൻ,
നീയുദിക്കാതിരുന്നാകി-
ലെല്ലാലോകവുമന്ധമാം;
മതിമാന്മാർ തുടങ്ങില്ല
ധർമ്മകാമാർത്ഥകൃത്യവും.
അധാനപശുബന്ധേഷ്ടി
മന്ത്രയജ്ഞതപസ്സുകൾ
നേടുന്നു നിൻപ്രസാദത്താൽ
ബ്രഹ്മക്ഷത്രാദി ജാതികൾ.
ആയിരം യുഗമൊന്നിച്ചു,
ധാതാവിൻെറ പകല്ക്കു നീ
ആദ്യാവസാനങ്ങളെന്നു

കാലവേദികൾതൻ മതം.
മനുക്കൾക്കും തൽസുതക്കും
മററുലോകത്തിനൊക്കെയും
മന്വന്തരങ്ങ, ളീശന്മാ,-
രെല്ലാക്കും നീ മഹേശ്വരൻ.
പ്രളയം വന്നുചേരുമ്പോൾ
നിൻകോപത്തിലുദിച്ചിട്ടും
സംവത്തകാഗ്നി, യിപ്പാരു-
മൂന്നും ഭസ്മീകരിച്ചിട്ടും.
നിൻതേജസ്സാൽ ജനിക്കുന്ന
നാനാവണ്ണഘനങ്ങൾ താൻ
ഇടിയൊട്ടും മിന്നലോട്ടു-
മൊഴുക്കീടുന്നു ഭൂതലം.
പന്ത്രണ്ടു ഭാഗമായ് ത്തീന്നു
ദ്വാദശാദിത്യരാകവെ,
സവമേകാണ്ണവമയം
വററിക്കും നീ കരങ്ങളാൽ.
നീയിന്ദ്രൻ വിഷ്ണു, രുദ്രൻ നീ
പ്രജാപതി ഭവാൻ തഥാ
അഗ്നി, സൂക്ഷ്മം മനസ്സും നീ
നീ നാഥൻ ബ്രഹ്മവും ഭവാൻ.
നീ ഹംസൻ ഭാനു സവിതാ,-
വംശുമാലി, വൃഷാകപി
വിവസ്വാൻ മിഹിരൻ മിത്രൻ
പൂഷാവും ധമ്മവും ഭവാൻ,
സഹസ്രരശ്മിയാദിത്യൻ
തപനൻ നീ ഗവാംപതി

മാർത്താണ്ഡൻ സൂക്ഷ്മനക്ഷൻ നീ
ശരണ്യൻ ദിനകൃദ്രവി.
ദിവാകരൻ സപ്തസപ്തി
ധാമകേശി വിരോചനൻ
അംശുമാലി തമോഹാരി
ഹരിതാശ്വനുമാം ഭവാൻ.
ഷഷ്ഠി സപ്തമിയീനാളിൽ
ഭക്ത്യാ നിന്നെബ്ഭജിപ്പവർ.
നിർവ്വേദം ദർപ്പവും നീങ്ങി-
യൈശ്വര്യം പാരമാർന്നിടും.
ആധിവ്യാധികളാപത്ത-
മവനുണ്ടാകയില്ലതാൻ.
അനന്യചിത്തനായ് നിന്നെ-
സ്സേവിച്ചർച്ചിച്ചിടുന്നവൻ
സർവ്വരോഗങ്ങളും നീങ്ങി-
സ്സർവ്വപാപവിമുക്തനാം.
ത്വദ്ഭാവഭക്തിയാർന്നോരു
ദീർഘായുസ്സൗഖ്യവും വരും:
ആപന്നകാമൻ ഞാ,നെല്ലാ-
പേക്ഷ,മാതിഥ്യമേകവാൻ
ആന്ന,മനാപതേ, നൽകി
രക്ഷ നീയരുളേണമേ.
നിൻഭൃത്യർ മാഠരന്മാർക്ക-
മശനിക്ഷുഭർ,ദണ്ഡനും
അരുണനും വന്ദനങ്ങൾ
പ്രത്യേകം ചെയ്വു ഞാൻ വിഭോ.
ഭ്രാതാക്കളാം മൈത്രി

ക്ഷുത്തൊട്ടുള്ള വർഗ്ഗമേ
നമസ്കാരം; കാത്തുകൊൾക
ശരണാഗതനാണു ഞാൻ.

വൈശമ്പായനൻ:

കഴുത്തോളം നീരിൽനിന്നു
മന്ത്രസ്തോത്രം ജപിക്കവെ
ദിവാകരൻ പാണ്ഡവന്നു
പ്രത്യക്ഷീഭൂതനായ് മുദാ
സ്വദേഹകാന്തിപൂണ്ടേററ-
മുജ്ജ്വലിക്കുന്ന വഹ്നിപോൽ.

വിവസ്വാൻ പറഞ്ഞു:

നിന്റെ സർവ്വാഭിലാഷങ്ങ-
ളേകുന്നേ,നവനീപതേ
പന്ത്രണ്ടാണ്ടേയ്ക്കു നിങ്ങൾക്കു
ഞാ,നന്നം തന്നു പോററിടാം.
നിനക്കു ഞാൻ തരുന്നോരി-
ത്താമ്രപാത്രം ഗ്രഹിക്കുക;
പാഞ്ചാലി,യിതിൽനിന്നുണ്ടോ-
മന്നം ഭക്ഷിച്ചിടുംവരെ,
ഫലമൂലാമിഷം ചീര,
പാകശാലയിലെന്നപോൽ
ഭക്ഷ്യങ്ങൾ നാലുവകയു,-
മിതിലക്ഷയമായ് വരും.
പതിനാലാണ്ടിളുമുതൽ
കഴിഞ്ഞാൽ രാജ്യമാർന്നിടും.

വൈശമ്പായനൻ:

ഭഗവാനേവമോതീട്ടു
മറഞ്ഞാനവിടെത്തദാ;
വരം വരിച്ചു കൌന്തേയൻ
വെള്ളത്തിൽനിന്നു കേറിനാൻ
നമിച്ചു ധൌമ്യപാദങ്ങൾ,
തഴുകിസ്സഹജാതരെ,
പാഞ്ചാലിയേച്ചെന്നുകണ്ടാ,-
നവൾ വന്ദിച്ചു കാന്തനെ.
എല്ലാ ഭക്ഷ്യങ്ങളും പാർത്ഥർ
നിർമ്മിച്ചു പാകശാലയിൽ;
ചതുർവ്വിധം സ്വല്പമന്ന-
മാദ്യമുണ്ടായതങ്ങുടൻ
അക്ഷയ്യമായി വർദ്ധിക്ക-
മതുകൊണ്ടൂട്ടി വിപ്രരെ.
ദ്വിജരൂണുകഴിഞ്ഞെന്നാൽ
തമ്പിമാരേയുമൂട്ടിടും;
ഭർത്താവിനേ ഭുജിപ്പിച്ചു
ശിഷ്ടം പാഞ്ചാലിയുണ്ണുമേ.
അവൾ ഭുക്തികഴിഞ്ഞെന്നാ-
ലതിലന്നങ്ങൾ തീർന്നുപോം.
ഇപ്രകാരം നടത്തിക്കൊ-
ണ്ടർക്കതുല്യപ്രഭൻ പ്രഭു
എല്ലാ വാഞ്ഛിതവും നൽകി
ദ്വിജരേ തൃപ്തരാക്കിനാൻ.
ആചാര്യനൊത്തു വാവിനും
തിഥി താരങ്ങൾ തന്നിലും

വിധിമന്ത്രപ്രമാണംപോൽ
യജ്ഞക്രിയ നടത്തിട്ടം.
പിന്നെ സ്വന്ത പ്രയാണം ചെയ്തു
പാർത്ഥന്മാരാചാര്യനോടൊത്തുതാൻ.
ദ്വിജസംസേവിതന്മാരാ-
യ്ക്കാമ്യകംഗൊട്ടു പൂകിനാർ.

---

## നാലാം അദ്ധ്യായം.

ജനമേജയൻ:

ഋഷിമാർ ചൊല്ലിട്ടും ചിത്ര-
കഥകൾകേട്ടു തുഷ്ടരായ്
വനത്തിൽ ഭൂമിദേവന്മാ-
രൊത്തു പാർത്തു പൃഥാസുതർ.
അദിത്യദത്തപാത്രത്തി-
ലുണ്ടാ, മക്ഷയഭക്ഷണം;
ഊണിനായ്ചെന്ന വിപ്രർക്ക
തൃപ്തിയായ് ഭിക്ഷ നൽകിനാർ.
കർണ്ണദുശ്ശാസനന്മാർക്കും
ശകുനിക്കും പ്രിയപ്പെടി
സർവ്വം ചെയ്തു വാണീട്ടും
ധൃതരാഷ്ട്രൻെറ നന്ദനർ,
ദുര്യോധനപ്രമുഖരാം
ദുഷ്ടകൌരവർ, പാപികൾ,
കൌന്തേയരോടെപ്രകാരം
വർത്തിച്ചു ചൊൽക മാമുനേ.

വൈശമ്പായനൻ:

പുരത്തിലെന്നപോൽ കാട്ടിൽ
പാണ്ഡവന്മാർ വസിപ്പതായ്
കേട്ടു ദുര്യോധനനൃപൻ
വിദ്വേഷം പൂണ്ടു പാരമായ്.
ദുരാലോചന ചെയ്തിട്ടും
കർണ്ണദുശ്ശാസനാദ്യരും
അവനും, പല സൂത്രങ്ങൾ
ദുഷ്ട,രോർത്തു വസിക്കവെ,
അയുതം ശിഷ്യരോടൊത്തു
തത്ര ചെന്നാൻ മഹാമുനി
ധർമ്മാത്മാവായ ദുർവ്വാസാ
പേർകൊണ്ടേ പ്രഥയാർന്നവൻ.
എതിരേറ്റു കുരുശ്രേഷ്ഠൻ,
കോപമൂർത്തി മഹർഷിയെ;
ദമംപൂണ്ടു സമസ്താദം
വിനയാന്വിതനായ്ത്തദാ.
ശ്രീമാൻ ഭ്രാതാക്കളോടൊത്തു
സൽക്കാരാർത്ഥം ക്ഷണിച്ചുതേ;
സ്വയം കിങ്കരനേപ്പോലെ
പൂജിച്ചു വിധിയാം വിധം.
വസിച്ചു ചിലനാ,ളങ്ങു
മഹാത്മാ മുനിപുംഗവൻ.
ശപിക്കുമെന്നു പേടിച്ചു,
മടിക്കാതെ സുയോധനൻ
അഹോരാത്രം ഭൃത്യനേപ്പോൽ
സേവിച്ചാൻ മുനിയേത്തദാ.

"വിശപ്പേറുന്നു മേ, വേഗം
തരികന്നം ധരാപതേ."
എന്നു ചൊല്ലിക്കുളിക്കാൻ പോയ്
വൈകിക്കും വരുവാനവർ.
വിശപ്പില്ലുണ്ണമില്ലെന്നു
പറഞ്ഞു മറയും മുനി;
പെട്ടെന്നങ്ങിബ് ഭുജിപ്പിക്ക
ഞങ്ങളേ ശീഘ്രമെന്നുമാം.
ഏഴന്നേററു നിശാകാലേ
ചിലപ്പോൾ, ചതിയായവൻ
മുന്നേപ്പോലരിവെപ്പിച്ചു
വെറുത്തുണ്ണാതെ പോയിടും.
ദുര്യോധന,നൊന്നുകൊണ്ടും
മുഷിവോ കോപഭാവമോ
ഉണ്ടായില്ലെന്നു കണ്ടിട്ടു
മഹർഷി പരിതുഷ്ടനായ്.
നൃപനോടു ദുരാധർഷ-
നോതി "ചോദിക്ക നീ വരം;
നീയാഗ്രഹിക്കുന്ന വരം
സ്വീകരിക്ക ശുഭാവഹം.
എൻപ്രീതികൊണ്ടു കിട്ടാത്ത
നന്മ,യൊന്നില്ല നിർണ്ണയം."

വൈശമ്പായനൻ:

ഭാവിതാത്മാ മഹർഷീന്ദ്രൻ
ചൊന്നവാക്കുകൾ കേട്ടുടൻ
സുയോധനൻ, ധന്യ,നെന്നു
ചരിതാർത്ഥത നേടിനാൻ.

മുനി സന്തുഷ്ടനാവുമ്പോൾ
യാചിക്കേണ്ട വരങ്ങളെ
കൎണ്ണദുശ്ശാസനന്മാർ, മുൻ
നിശ്ചയിച്ചതു മോൎത്തവൻ,
ദുഷ്ടൻ പരമസന്തുഷ്ട-
നൎത്ഥിച്ചാൻ വരമീവിധം.
"എൻകുലത്തിൽ മഹാരാജാ
ജ്യേഷ്ഠൻ ശ്രേഷ്ഠൻ യുധിഷ്ഠിരൻ
വസിക്കുന്നു വനത്തിങ്കൽ
ധൎമ്മാത്മാ തമ്പിമാരൊടും.
ഗുണവാൻ ശീലവാൻതന്റെ-
സൽക്കാരം വാങ്ങണം വിഭോ.
രാജനന്ദനിയാകുന്ന
സുകുമാരി, യശസ്വിനി
വിപ്രന്മാരെബ്ഭുജിപ്പിച്ചു
പതിമാരേയുമാവിധം
താനുമുണ്ടാ,ശയിച്ചല്ലം
സ്വസ്ഥയാ,യമരും വിധൌ
അവിടെച്ചെന്നു ചെന്നിട്ടു-
കെന്നിൽ പ്രീതിയുദിക്കിലോ."
"അവ്വണ്ണം നിന്റെയിഷ്ടംപോൽ
ചെയ്യും ഞാ,നെൻസുയോധന."
എന്നോതി മുനിദുൎവ്വാസാ
ബ്രാഹ്മണന്മർ ഗമിച്ചിതു.
അപ്പോൾ, സുയോധനൻ, പാരം
കൃതകൃത്യതനേടിയോൻ,
കണ്ണന്റെ കൈകോൎത്തുപിടി-

ച്ഛത്ര്യാഹ്ലാദത്തിൽ മുങ്ങിനാൻ.
ഭ്രാതാക്കളൊത്ത നൃപനോ-
ടോതി, കണ്ണൻ തദാ മുദാ.
"ഭവാൻ ഭാഗ്യാൽ ജയിക്കുന്നു;
ഭാഗ്യാൽ കാമം ലഭിച്ചുതേ;
ഭാഗ്യത്താൽ നിൻെറ ശത്രുക്ക-
ളഴലാഴിയിൽ മുങ്ങിനാർ.
പാണ്ഡുനന്ദനർ, ദുർവ്വാസഃ-
ക്രോധവഹ്നിയിൽ വീണിതാ
തങ്ങൾചെയ്ത മഹാപാപാൽ
തമസ്സിൽത്താണു ദുസ്തരം."

വൈശമ്പായനൻ:

ഹതിമന്മാർ ധാർത്തരാഷ്ട്ര-
രിത്തരത്തിൽ ഹസിക്കയും
മനോമോദം തേടുകയും
ചെയ്തു,ചോന്നീ ഗൃഹങ്ങളിൽ.

---

## അഞ്ചാം അദ്ധ്യായം.

വൈശമ്പായനൻ:

മറെറാരിക്കൽ, പാണ്ഡവന്മാ,-
രാഹാരം ചെയ്തു കൃഷ്ണയും
സ്വസ്ഥരായമരുന്നെന്നു
ദുർവ്വാസസ്സു ധരിക്കയാൽ
അയുതം ശിഷ്യരോടൊത്തു
തത്ര ചെന്നാൻ മഹാമുനി.

അതിഥീന്ദ്രന്റെ വരവും
കണ്ടു രാജാ യുധിഷ്ഠിരൻ,
അനുജന്മാരുമായ് ച്ചെന്ന-
ങ്ങെതിരേറ്റു യഥാവിധി.
മുനിയെക്കൈവണങ്ങീട്ടു
സൽപീഠത്തിലിരുത്തിനാൻ.
പൂജിച്ചു വിധിപോൽ പിന്നെ
വരിച്ചിട്ടതിഥിക്രമാൽ,
ആഹ്നികം ചെയ്യ വേഗത്തിൽ
വരി,കെന്നാൻ നൃപോത്തമൻ.
നിർമ്മലൻ മുനി, മദ്ധ്യാഹ്ന-
സ്നാനാർത്ഥം ചെന്നു ശിഷ്യരും.
എവ്വണ്ണം ശിഷ്യരൊത്തെന്നെ-
യൂട്ടു, മെന്നാർത്തിപ്പവൻ.
സമാഹിതമുനിക്കൂട്ടം
മുങ്ങിക്കളിനടത്തിനാർ.
അത്തുനേരം ദ്രൗപദിയാം
വിശിഷ്ടമഹിളാമണി
അന്നമുണ്ടാക്കുവാൻ തീവ്ര-
ചിന്തയാർന്നു പതിവ്രത.
അവളെത്ര നിനച്ചിട്ടും
വഴികണ്ടില്ല ചോറിനായ്;
ധ്യാനിച്ചാൾ ഹൃദയത്തിങ്കൽ
കംസദ്വിട്ടായ കൃഷ്ണനെ.
"കൃഷ്ണകൃഷ്ണ, മഹാബാഹോ,
ദേവകീനന്ദനാവ്യയ,
വാസുദേവ, ജഗന്നാഥാ,

പ്രണതാർത്തിഹര, പ്രഭോ,
വിശ്വാത്മാവേ, വിശ്വതാതാ,
വിശ്വനാശന, ശാശ്വത,
നതപാലക, ഗോപാല,
പ്രജാപാല, പരാൽപര,
അകൃതിചിത്തികൾക്കെല്ലാം
നേതാവേ, കൈതൊഴുന്നു ഞാൻ.
വരേണ്യ, വരദാനന്ത,
ഗതിഹീനക്കു നീ ഗതി.
മനോബുദ്ധികൾ പ്രാണന്നു-
മഗോചര, പുരാതന,
സർവ്വാദ്ധ്യക്ഷ, പരാദ്ധ്യക്ഷ,
നീതാൻ മേ ശരണം പ്രഭോ.
കാത്തുകൊൾകലിവാന്നെന്നെ-
ശ്ശരണാഗതവത്സല,
നീലോല്പലദലശ്യാമ,
കമലാരുണനേത്ര, നീ.
പീതാംബരമുടുത്തോനേ,
ലസൽകൌസ്തുഭഭൂഷണ,
ഭൂതങ്ങൾക്കാദിയന്തങ്ങൾ
ഗതിയും നീ കൃപാനിധേ.
പരാൽപരതരജ്യോതി
വിശ്വാത്മാ സർവ്വതോമുഖൻ
നീതാൻ പരംവിഭു, സർവ്വ-
ഐശ്വര്യത്തിൻ നികേതനം.
ആപത്തിൽ പേടിയില്ല,ങ്ങ
ദേവേശൻ നാഥനാകയാൽ;

ദുശ്ശാസനനിൽ നിന്നെന്നെ-
സ്സഭയിൽ പണ്ടു കാത്തു നീ;
അതുപോലീയത്തൽ തീർത്തു
പാലിച്ചീടുക ഞങ്ങളെ."

വൈശമ്പായനൻ:

കൃഷ്ണ,യേവം സ്തുതിച്ചപ്പോൾ
ദേവനാം ഭക്തവത്സലൻ,
പാഞ്ചാലിതന്നാർത്തി കണ്ടു
ദേവദേവൻ ജഗൽപതി,
പാർശ്വസ്ഥയാം രുക്മിണിയേ
വിട്ടു,കേശവനാം പ്രഭു
തത്രാഗമിച്ചാൻ വേഗത്തി-
ലചിന്ത്യശക്തിയീശ്വരൻ.
ദേവാനേക്കണ്ടു കൃഷ്ണ-
നമിച്ചാൾ പരിതുഷ്ടയായ്;
മുനിതൻ വരവും മററും
വാസുദേവനോടോതിനാൾ.
അവളോടോതിനാൻ കൃഷ്ണൻ:
"ക്ഷീണിച്ചേൻ ഞാൻ വിശപ്പിനാൽ
ഊണു നൽകുക ശീഘ്രം നീ
സർവ്വം പിന്നെ നടത്തിടും."
ആ വചസ്സുകൾ കേട്ടേററം
ലജ്ജയോടും പറഞ്ഞവൾ;
"ഭാസ്വാൻ തന്നോരു പാത്രത്തി-
ലന്ന, മെന്നുണ്ണിയോളമേ
കാണ്മൂ,മത്തുള്ളതിമൂം തിന്നി-
തിനിയില്ലൊന്നു മായതിൽ."

"സ്ഥാലി വേഗം ചെന്നെടുത്തു
വ,ന്നെന്നേക്കാട്ടണം ശുഭേ."
നിർബ്ബന്ധി,ച്ചീവിധം, പാത്രം
വരുത്തി യദുനായകൻ,
അതിൻ വക്കത്തു പററിച്ചേ-
ന്നിരിക്കും ചീര കണ്ടുടൻ
അതെടുത്തു ഭുജിച്ചിട്ടു
ഹരി കേശവനീശ്വരൻ,
'യജ്ഞഭുക്കായ വിശ്വാത്മാ
തൃപ്തനാ'കെന്നു ചൊല്ലിനാൻ.
"ഊണിന്നു മുനിമാരേ,പ്പോയ്-
ക്കൂട്ടിക്കൊണ്ടിങ്ങു പോരണം."
ഭീമസേനൻ തന്നോടേവം
കഥിച്ചു ക്ലേശനാശനൻ.
ഗംഗാസ്നാനത്തിനായ് പോയ
സശിഷ്യൻ മാമുനീന്ദ്രനേ
ക്ഷണിച്ചുകൊണ്ടു വന്നങ്ങു
ഭോജനം നൽകുവാൻ തരാ
തെരിക്കെന്നു തിരിച്ചാന-
ഖ് ഭീമൻ പാരം പുകഴ്ന്നവൻ.
അവർ തീർത്ഥജലേ മുങ്ങി-
യാഘമർഷം നടത്തവെ
തികട്ടിയന്നാദിരസം
സംതൃപ്തിക്കടയാളമായ്.
ആററിൽനിന്നു കരയ്ക്കേറി
നോക്കിക്കൊണ്ടു പരസ്പരം
ദുർവ്വാസസ്സിൻ സമീപത്തിൽ

മുനിമാർ ചെന്നു ചൊല്ലിനാർ.
“പോന്നു നമ്മൾ കുളിക്കാനാ,-
യന്നം നൃപനൊരുക്കവെ;
ആകണ്ഠം തൃപ്തിയായിപ്പോ-
ഴിനിയെന്തു ഭുജിച്ചിട്ടും?
നാം കാരണം വൃഥാപാക-
മായല്ലോ ചെയ്തതെന്തിനി?”

ദുർവ്വാസാവു പറഞ്ഞു:

വ്യർത്ഥമായ് നൃപനെക്കൊണ്ടു
വെയ്പിച്ചൂ തെററുകാരിവർ;
കൊട്ടനോട്ടത്തൊടും നമ്മെ
പാണ്ഡവന്മാർ ചുഴന്നിട്ടും.
രാജർഷി,യംബരീഷൻെറ
യനുഭാവം നിനച്ചു മേ
ഹരിപാദാശ്രിതന്മാരെ-
പ്പേടിയാകുന്നു വിപ്രരേ.
പാണ്ഡവാന്മാർ മഹാത്മാക്കൾ
ധർമ്മശാലിക,ളെവരും
ശൂരന്മാർ പണ്ഡിതന്മാരാം
വ്രതിമാർ തപമാർന്നവർ.
സദാചാരമനുഷ്ഠിപ്പോർ
സദാ ശ്രീകൃഷ്ണഭക്തരും.
ദഹിപ്പിക്കും കോപമാർന്നാ-
ലവർ പഞ്ഞിയെയഗ്നിപോൽ.
അതുകൊണ്ടി,നി മിണ്ടാതെ-
യോടിപ്പോവുക ശിഷ്യരേ.

വൈശമ്പായനൻ:

ഗുരുവാം മുനിതൻവാക്കു-
കേട്ടു ഭൂദേവരേവരും
ഏററം പാണ്ഡവരേ,പ്പേടി-
ച്ചോടിനാർ പത്തുദിക്കിലും.
ഋഷിമാരെഗ്ഗംഗതന്നിൽ
തേടി, ക്കാണാഞ്ഞു ഭീമനും
നദീതീരത്തി,ലങ്ങിങ്ങാ-
യന്വേഷിച്ചു നടക്കവെ
'ഓടിനാരവ'രെന്നങ്ങു
വാഴും താപസർ ചൊൽകയാൽ
ആവൃത്തം ധർമ്മപുത്രൻെറ
മുന്നിലെത്തിയുണർത്തിനാൻ.
വീണ്ടും വന്നീടുമെന്നോർത്തു-
കൊണ്ടുപാണ്ഡവ,രാവിധം
ഒട്ടുനേരം ജിതാത്മാക്കൾ
കാത്തുവാണാരനന്തരം.
പാതിരാത്രിക്കവൻ വന്നു
ചതിക്കാനായ് നിനക്കയാം;
വിധിയാൽ വന്നൊരിക്ലേശം
നാമൊഴിക്കുന്നതെങ്ങനെ?
അവരേവം ചിന്തപൂണ്ടു
നെടുവീർപ്പിട്ടു പിന്നെയും:
ഇതെല്ലാം കണ്ടു ഭഗവാൻ
കൃഷ്ണൻ ചെന്നെത്തിയോതിനാൻ:
"നിങ്ങൾക്കാപത്തു, കോപിഷ്ഠൻ
മുനിയാൽ വന്നതോർത്തു, ഞാൻ,

കൃഷ്ണ ചിന്തിക്കയാൽ ശീഘ്ര-
മെത്തിനേ,നത്ര പാൎത്ഥരേ.
ദുൎവ്വാസസ്സാലിനി, ബ്ഭീതി
നിങ്ങൾക്കി,ല്ലല്പമെങ്കിലും;
ഭവൽതേജസ്സിനാൽ ഭീത-
നവൻ പോയോടിനാനെടോ.
എന്നും ധൎമ്മങ്ങൾ ചെയ്യുന്നോർ
വലഞ്ഞിട്ടില്ലൊരിക്കലും:
യാത്രനൽകുക, പോകുന്നേൻ;
നിങ്ങൾക്കൊന്നും ശുഭംഭവിക്കും."

വൈശമ്പായനൻ:

കേശവൻെറ വചസ്സെല്ലാം
കേട്ടു ശാന്തതയാൎന്ന,വർ
അവനോടോതിനാ,രേവം
കൃഷ്ണയോടൊത്തു സാദരം.
"മഹാൎണ്ണവത്തിൽ വീഴുന്നോൎക്കു
പ്ലവം കിട്ടിയപോലവേ
ഗോവിന്ദ, നാഥനാം നിന്നാൽ
തീൎന്നു ദുസ്തരസങ്കടം.
സ്വസ്ത്യസ്തു ഭദ്ര-"മെന്നും കേ,-
ട്ടവൻ സ്വാം പുരിപൂകിനാൻ.
കൃഷ്ണയോടൊത്തു പാൎത്ഥന്മാ,-
രോരോരു വിപിനങ്ങളിൽ
വിഹരിച്ചു ഹൎഷപൂൎവ്വം
വസിച്ചു ജനമേജയ.

1122.

ST. MARY'S H. S. FOR GIRLS